**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **21-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി സ്വകാര്യ ഭൂമി വാങ്ങുന്നത് പഞ്ചായത്ത് രാജ് ആക്ടിലെ ഏതെല്ലാം വകുപ്പ് പ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 178--ാം വകുപ്പ് പ്രകാരം പഞ്ചായത്തിന് സ്വകാര്യ ഭൂമി വാങ്ങാവുന്നതാണ്.പ്രസ്തുത വകുപ്പ് പ്രകാരം നിയമാനുസൃതം പഞ്ചായത്തിനെ ഏൽപിച്ചിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തോടനുബന്ധിച്ചുള്ള ഒരു പൊതു ഉദ്ദേശത്തിന് വേണ്ടി ഒരു പഞ്ചായത്തിന് ആവശ്യമായേക്കാവുന്ന ഏതെങ്കിലും സ്ഥാവര സ്വത്ത്, 1894- ലെ സ്ഥലമെടുപ്പ് ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് വിലയ്ക്കെടുക്കാവുന്നതാണ്.നിലവിൽ മേൽ ആക്ടിന് പകരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട്,2013 പ്രകാരമാണ് ഭൂമി വിലയ്ക്കെടുക്കുന്നത്. |
| (ബി) | പ്രസ്തുത ആക്ടിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമത്തിലെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ പ്രകാരം ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ ഉഭയ സമ്മത പ്രകാരമോ സൗജന്യമായ വിട്ടുകൊടുക്കൽ പ്രകാരമോ ആർജ്ജിക്കാവുന്നതാണ്.അപ്രകാരം വസ്തു ലഭിക്കാത്ത പക്ഷം സർക്കാർ അനുമതിയോടു കൂടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട്,2013 പ്രകാരമുള്ള വ്യവസ്ഥകളും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ നടപടിക്രമങ്ങളും പാലിച്ച് ഏറ്റെടുക്കാവുന്നതാണ് |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി വാങ്ങുന്ന ഭൂമി ആരുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നതെന്ന് അറിയിക്കാമോ; | (സി) | അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്. |
| (ഡി) | പഞ്ചായത്ത് രാജ് ആക്ടിലെ വസ്തു ആർജ്ജിക്കലും കൈയൊഴിയലും വ്യവസ്ഥ പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങാൻ കഴിയുമോയെന്ന് വിശദമാക്കാമോ; | (ഡി) | കഴിയും..1958- ലെ കേരള ഭൂമി വിട്ടൊഴിയൽ ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (റവന്യൂ വകുപ്പ് മുഖേന)ഭൂമി ആർജ്ജിക്കാവുന്നതാണ്. |
| (ഇ) | ഭൂവുടമയുമായി ഉഭയകക്ഷി കരാർ വ്യവസ്ഥയിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് അനുമതി നൽകാനാകുമോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | 2005-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ , ചട്ടം 5, 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ , ചട്ടം 5,എന്നിവ പ്രകാരം, ബന്ധപ്പെട്ട തഹസീൽദാർ/ ജില്ലാകളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയാതെ ഉഭയ സമ്മത പ്രകാരം വസ്തു ആർജ്ജിക്കാവുന്നതാണ്. 28.05.2022 ലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചട്ടം 5 ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ഉഭയ സമ്മത പ്രകാരം ഭൂമി ആർജ്ജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകുവാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ ഉടമസ്ഥർ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 ശതമാനം വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായ പ്രമേയം അംഗീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ